കേരള സർക്കാർ

**വിവര പൊതുജന സമ്പർക്ക വകുപ്പ്**

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കാസർകോട്

2018 നവംബർ 12,തിങ്കൾ

# പത്രക്കുറിപ്പ്

**www.prd.kerala.gov.in** **04994 255145** **dioksgd@gmail.com**

## ക്ഷേത്രപ്രവേശന വിളംബരം വാർഷികത്തിന് പ്രൗഢഗംഭീര സമാപനം

കേരള നവോത്ഥാന ചരിത്രങ്ങളുടെ ഊർജം പകർന്ന് ക്ഷേത്രപ്രവേശന വിളംബരം 82-ാം വാർഷികാഘോഷങ്ങൾക്ക് ജില്ലയിൽ പ്രൗഢഗംഭീര പരിസമാപ്തി. പ്രാകൃത സാമൂഹിക വ്യവസ്ഥിതികളിൽ നിന്നും ആധുനിക ജനവിഭാഗമായി വികാസം പ്രാപിച്ച കേരളീയ സമൂഹത്തിന്റെ ഇന്നലെകളെ ഓർമ്മപ്പെടുത്തുന്നതിനായി ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്,ജില്ലാഭരണകൂടം ,സാംസ്കാരിക വകുപ്പ്, പുരാവസ്തു-പുരാരേഖാ വകുപ്പ്, തുളു അക്കാദമി എന്നിവയുടെ സംയുക്താഭിമുഖ്യത്തിലായിരുന്നു പരാപാടി സംഘടിപ്പിച്ചത്. നവോത്ഥാന വഴിയിൽ കേരളം' എന്ന പ്രമേയത്തിൽ കാഞ്ഞങ്ങാട് ടൗൺഹാളിൽ കഴിഞ്ഞ നാലുദിവസമായി സംഘടിപ്പിച്ച ആഘോഷപരിപാടികൾ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.

വെള്ളിയാഴ്ച കാഞ്ഞങ്ങാട് മാന്തോപ്പ് മൈതാനത്ത് നിന്നും ആരംഭിച്ച് ബസ് സ്റ്റാന്റ് പരിസരത്ത് സമാപിച്ച വിളംബര ഘോഷയാത്രയോടെയായിരുന്നു വാർഷികാഘോഷങ്ങൾക്ക് തുടക്കം കുറിച്ചത്. പൊതുജനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ നടത്തിയ വിളംബര ഘോഷയാത്രയെ മുത്തുക്കുടയും ശിങ്കാരി വാദ്യങ്ങളും വർ

ണാഭമാക്കി.

ജില്ലാതല ഉദ്ഘാടനം ശനിയാഴ്ച പി കരുണാകരൻ എംപിയുടെ അധ്യക്ഷതയിൽ റവന്യൂ വകുപ്പ് മന്ത്രി ഇ. ചന്ദ്രശേഖരൻ നിർവ്വഹിച്ചു.

തുടർന്നുള്ള ദിവസങ്ങളിൽ വിവിധ സെഷനുകളിലായി നവോത്ഥാന ചരിത്രങ്ങളെ വിശകലനം ചെയ്യുന്ന നിരവധി സെമിനാറുകളും പ്രഭാഷണങ്ങളും സംഘടിപ്പിച്ചു. ചരിത്രകാരന്മാരും സാഹിത്യകാരന്മാരും സാമൂഹിക-സാംസ്കാരിക പ്രവർത്തകരും സംബന്ധിച്ച ചർച്ചകൾ കേരളത്തിന്റെ ഇന്നലെകളിലെ സമരപോരാട്ടങ്ങളുടെ ആഴങ്ങളിലേക്കുള്ള വെളിച്ചം വീശുന്നതായി മാറി.

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൊടികുത്തി വാണിരുന്ന സാമൂഹികാന്തരീക്ഷത്തിൽ നിന്നും അന്താരാഷ്ട്ര തലത്തിൽ വരെ വളരെ മുന്നിട്ട് നിൽക്കുന്ന പുരോഗമന സമൂഹമായി പരിണമിച്ച വിവിധ ചരിത്രങ്ങഘട്ടങ്ങളെ വരച്ചുകാട്ടുന്ന പുരാ രേഖാ പ്രദർശനം ആഘോഷ നഗരിയിൽ ചരിത്രകൗതുകമുണർത്തി. നമ്മുടെ നവോത്ഥാന ചരിത്രത്തിലെ  നിർണായക ഘട്ടങ്ങളെ വരച്ചുകാട്ടുന്ന പ്രദർശനത്തിലെ നിരവധി ചരിത്രരേഖകൾ ആഘോഷ നഗരിയിലെത്തിയവരിൽ കൗതുകമുണർത്തി.

നവോത്ഥാന പടവുകളിലെ സുപ്രധാനമായതും മറവിയിലേക്ക് വഴുതിമാറിയതുമായ നിരവധി ചരിത്രസന്ദർഭങ്ങളെ ലളിതമായി വിശദീകരിക്കുന്ന ' തമസോ മാ ജ്യോതിർഗമയ: ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക്' എന്ന പുസ്തകം സമ്മേളന വേദിയിൽ പ്രകാശനം ചെയ്തു.

സമാപന ദിവസം ഉച്ചയ്ക്ക് നടത്തിയ പന്തിഭോജനം ജാതി-മത ചിന്തകളുടെ മതിൽക്കെട്ടുകളില്ലാതെ എല്ലാവരും തുല്യമാനവ സമൂഹമെന്ന സന്ദേശമുയർത്തി. സാമൂഹിക ദുരാചാരങ്ങളിലേക്ക് ഇനിയൊരു മടക്കമില്ലെന്ന് ഉദ്ഘോഷിച്ച് ക്ഷേത്രപ്രവേശന വിളംബരം 82-ാം വാർഷികാഘോഷം സമാപന സമ്മേളനത്തോടെ ജില്ലയിൽ സമാപിച്ചു.

## ചരിത്രം നമ്മോട് പറയുന്നത് സെമിനാർ സംഘടിപ്പിച്ചു

മനുഷ്യനെ ജാതിയുടെപേരിൽ മാത്രം പരിഗണിച്ചിരുന്ന കാലഘട്ടത്തിൽ സമൂഹത്തിൽ നിലനിന്നിരുന്ന എല്ലാ ആചാരങ്ങളെയും ജാതിവ്യവസ്ഥയെയും അയിത്തത്തെയും വെല്ലുവിളിച്ചാണ് കേരളം ഇന്ന് കാണുന്ന കേരളമായി മാറിയതെന്നും, കേരളത്തിലെ അങ്ങോളം ഇങ്ങോളം ചിതറിക്കിടക്കുന്ന ആയിരക്കണക്കിന് ക്ഷേത്രങ്ങളിലേക്ക് ദളിത്-ആദിവാസികൾക്ക് കടന്നുപോകാനും ആരാധിക്കാനുമുള്ള സ്വാതന്ത്ര്യം നിഷേധിച്ചിരുന്ന ഒരു ചുറ്റുപാടിൽ നിന്നും ശക്തമായ പോരാട്ടങ്ങൾ നട

ത്തിയാണ് നവോത്ഥന പ്രസ്ഥാനങ്ങൾ ഉയർന്നുവന്നിട്ടുള്ളതെന്ന് ചരിത്രകാരൻ സി ബാലൻ പറഞ്ഞു. ക്ഷേത്രപ്രവേശന വിളംബരം 82ാം വാർഷികത്തിന്റെ ഭാഗമായി കാഞ്ഞങ്ങാട് ടൗൺ ഹാളിൽ സംഘടിപ്പിച്ച ചരിത്രം നമ്മോട് പറയുന്നത് എന്ന സെമിനാറിൽ വിഷയാവതരണം നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം.ക്ഷേത്രപ്രവേശന വിളബംരം മതനവീകരണമെന്നതിലുപരി സാമൂഹികമാറ്റങ്ങൾക്ക് വഴിതെളിച്ച സംഭവമായിരുന്നു.മതാചാരങ്ങളെ പുണരുന്നതിനെക്കാൾ മതങ്ങൾ ഉദ്ഘോഷിക്കുന്ന മൂല്യങ്ങൾ തിരിച്ചുപിടിക്കുന്നതിനാകണം സമൂഹം മുന്നോട്ട് വരേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

മതത്തിന്റെ പേരിൽ ഇന്ന് നടക്കുന്ന കോലാഹളങ്ങളിൽ നിന്ന് വിട്ടുമാറി മനുഷ്യസമൂഹം സമീപഭാവിയിൽ തന്നെ, കാലം ആവശ്യപ്പെടുന്ന സാമൂഹിക മാറ്റം ഉൾക്കൊള്ളുമെന്നും അതാണ് കേരളത്തിന്റെ ചരിത്രാനുഭവമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ചടങ്ങിൽ തുളു അക്കാദമി ചെയർമാൻ ഉമേശ് എം സാലിയാൻ, എം നാരായണൻ, ഡോ.അജയകുമാർ, പ്രൊഫ.വി കുട്ട്യൻ, കാഞ്ഞങ്ങാട് നഗരസഭാ വികസന സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻമാരായ എൻ ഉണ്ണികൃഷ്ണൻ, ഗംഗാ രാധാകൃഷ്ണൻ എന്നിവർ പങ്കെടുത്തു. ജില്ലാ പഞ്ചായത്ത് അംഗം ഇ പത്മാവതി സ്വാഗതവും ജില്ലാ ഇൻഫർമേഷൻ ഓഫീസർ റഷീദ് ബാബു നന്ദിയും പറഞ്ഞു.

## ഫോട്ടോ അടിക്കുറിപ്പ്-

ചരിത്രം നമ്മോട് പറയുന്നത് സെമിനാറിൽ ഡോ സി ബാലൻ സംസാരിക്കുന്നു

## പന്തിഭോജനം-പരമേശ്വരി ദേവിയുടെ പേര് മറക്കാൻ പാടില്ല

ജാതി മത ഭേദമന്യേ എല്ലാവർക്കും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാനുള്ള അവകാശത്തിന് വേണ്ടി പോരാടിയവരിൽ , പുതുതലമുറ മറക്കാൻ പാടില്ലാത്ത ഒരു പേരാണ് പരമേശ്വരി ദേവിയുടേതെന്ന് സാംസ്കാരിക ക്ഷേമനിധി ബോർഡ് അംഗം രവീന്ദ്രൻ കൊടക്കാട് പറഞ്ഞു. ക്ഷേത്ര പ്രവേശന വിളംബരത്തിന്റെ 82ാം വാർഷികാഘോഷത്തിന്റെ ഭാഗമായി കാഞ്ഞങ്ങാട് ടൗൺഹാളിൽ സംഘടിപ്പിച്ച പന്തിഭോജനം പ്രസക്തിയും പ്രാധാന്യവും എന്ന വിഷയത്തെ ആധാരമാക്കി സംസാരിക്കുകയായിരുന്നു അദ്ദേഹം. 1939 ൽ കൊടക്കാട് നടന്ന കർഷക സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പന്തിഭോജനത്തിന്റെ മുഖ്യ സംഘാടകരിൽ ഒരാളായിരുന്നു പരമേശ്വരി ദേവി. പന്തി ഭോജന സംഘടിപ്പിച്ചതിന്റെ പേരിൽ സ്വന്തം ജാതിയിൽ നിന്ന് തന്നെ ഇവരെ പുറത്താക്കി. ഒരുമിച്ച് ഭക്ഷണം കഴിക്കാനുള്ള അവകാശം

നേടിയെടുക്കാൻ വേണ്ടി ഇവർക്ക് സ്വന്തം ജീവിതം തന്നെ അർപ്പിക്കേണ്ടി വന്നെന്ന് രവീന്ദ്രൻ കൊടക്കാട് പറഞ്ഞു.

പരിപാടിയിൽ സ്വാമി പ്രേമാനന്ദ,ഫാദർ സെബിൻ ചെതപ്പുറത്ത്,ഫാദർ തോംസൺ കൊറ്റ്യാത്ത്,അബ്ദുല്ല സഖാഫി തുടങ്ങിയവർ സംബന്ധിച്ചു.

## പന്തിഭോജനത്തിൽ നൂറുകണക്കിന് ആളുകൾ പങ്കെടുത്തു

### കളക്ടറും നഗരാസഭാധ്യക്ഷൻമാരും വിളമ്പുകാരായി

ചരിത്ര താളുകളിലൂടെ മാത്രം കേട്ടറിഞ്ഞ പന്തിഭോജനത്തിന് കാഞ്ഞങ്ങാട് ടൗൺഹാൾ സാക്ഷിയായി. ക്ഷേത്ര പ്രവേശന വിളംബരത്തിന്റെ 82 ാം വാർഷികാ ഘോഷത്തിന്റെ ഭാഗമായാണ് സമാപന ദിനത്തിൽ പന്തിഭോജനം സംഘടിപ്പിച്ചത്. ജാതി മത ഭേദമന്യേ സമൂഹത്തിന്റെ നാനാ തുറകളിൽപ്പെട്ടവർ ഇലവെച്ച് ഒന്നിച്ചി രുന്ന് ഭക്ഷണം കഴിച്ചു.ജില്ലാ കളക്ടർ ഡോ ഡി സജിത്ത് ബാബു ,കാഞ്ഞങ്ങാട്, നീലേശ്വരം ,നഗരസഭ ചെയർമാൻമാരായ വി വി രമേശൻ, പ്രൊഫ കെപി ജയരാജൻ എന്നിവരാണ് ഭക്ഷണം കഴിക്കാൻ എത്തിയവർക്ക് എത്തിയവർക്ക് ഭക്ഷണം വിള മ്പിയത്. ഒരുകാലത്ത് എല്ലാ ജാതിക്കാർക്കും ഒരുമിച്ച് ഇരുന്ന് ഭക്ഷണം കഴിക്കുക എന്നത് സ്വപ്നത്തിൽ പോലും സങ്കൽപ്പിക്കാൻ കഴിയാത്ത കാര്യമായിരുന്നു. സാമൂ ഹിക പരിഷ്കർത്താക്കളുടെ പ്രവർത്തന ഫലമായാണ് ഒരുമിച്ച് ഇരുന്നു ഉണ്ണാനുള്ള അവകാശം നേടിയെടുത്തത്. പുതു തലമുറയ്ക്ക് പഴങ്കഥ മാത്രമായ ഈ ചരിത്ര വസ്തുതയുടെ ഓർമ്മ പുതുക്കൽ കൂടിയാണ് ടൗൺഹാളിൽ നടന്നത്.

വിവിധ മത അധ്യക്ഷൻമ്മാരും വിദ്യാർത്ഥികളും അധ്യാപകരും രാഷ്ട്രീയ പ്രവർത്തകരും കുടുംബശ്രീ അംഗങ്ങളും സാധാരണക്കാരുമടക്കം നിരവധി പേരാണ് പന്തിഭോജനത്തിൽ ഭക്ഷണം കഴിക്കാനെത്തിയത്. ചരിത്രം പുസ്തക താളുകളിൽ എഴുതിച്ചേർക്കേണ്ടത് മാത്രമല്ല പുനർസൃഷ്ടിക്കേണ്ടത് കൂടിയാണന്ന് ഈ പന്തി ഭോജനം സാക്ഷ്യപ്പെടുത്തുന്നു.

## ഫോട്ടോ അടിക്കുറിപ്പ്-

ക്ഷേത്ര പ്രവേശന വിളംബരത്തിന്റെ 82-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി കാഞ്ഞങ്ങാട് ടൗൺഹാളിൽ സംഘടിപ്പിച്ച പന്തിഭോജനത്തിൽ ജില്ലാ കള ക്ടർ ഡോ ഡി സജിത്ത് ബാബു ഇല വയ്ക്കുന്നു.

പന്തീഭോജനത്തിൽ ജില്ലാ കളക്ടർ ഡോ ഡി സജിത്ത് ബാബു ഭക്ഷണം വിളമ്പുന്നു.

പന്തീഭോജനത്തിൽ കാഞ്ഞങ്ങാട്,നീലേശ്വരം ,നഗരസഭ ചെയർമാൻമാരായ വി വി രമേശൻ, പ്രൊഫ കെപി ജയരാജൻ എന്നിവർ ഭക്ഷണം വിളമ്പുന്നു.

## ദുരാചാരങ്ങളിലേക്ക് ഇനിയൊരു തിരിച്ചു പോക്കില്ലെന്ന് ഉദ്ഘോഷിച്ച് ക്ഷേത്രപ്രവേശന വിളംബര വാർഷികം സമാപിച്ചു

മാനുഷിക മൂല്യങ്ങളെ തിരിച്ചറിയാത്ത കേരളത്തിന്റെ ഇന്നലകളിലേക്ക് ഇനിയൊരു തിരിച്ചു പോക്കില്ലെന്ന് പ്രഖ്യാപിച്ചു കൊണ്ട് ക്ഷേത്രപ്രവേശന വിളംബരം 82-ാം വാർഷികാഘോഷങ്ങൾക്ക് ജില്ലയിൽ സമാപനം. കാഞ്ഞങ്ങാട് ടൗൺ ഹാളിൽ സംഘടിപ്പിച്ച സമാപന സമ്മേളനം പി. കരുണാകരൻ എംപി ഉദ്ഘാടനം ചെയ്തു. ജില്ലാ കളക്ടർ ഡോ. ഡി. സജിത്ത് ബാബൂ അധ്യക്ഷത വഹിച്ചു.

ഒട്ടേറെ സമരപോരാട്ടങ്ങളുടെ ഫലമായി നേടിയെടുത്ത സാമൂഹിക സ്ഥിതി വിശേഷത്തിൽ നിന്നും പിന്തിരിഞ്ഞു നടക്കണമെന്ന് പറയുന്നത് ആശാസ്യമല്ല. ക്ഷേത്രത്തിൽ പോകാനും പോവാതിരിക്കാനുമുള്ള അവകാശം ജനങ്ങൾക്കുണ്ട്. അതിൽ ആചാരങ്ങളുടെ പേര് പറഞ്ഞ് വിവേചനം സൃഷ്ടിക്കാതെ പുരോഗമന ജനസമൂഹമായി നാം മുന്നേറണം. അത്തരമൊരു മുന്നേറ്റ പാതയിൽ, നാം നേടിയ വിദ്യാഭ്യാസ-സാംസ്കാരിക ഉന്നതിയെ പ്രതിരോധ കവചമായി ഉപയോഗപ്പെടുത്തണമെന്നും പി കരുണാരൻ എംപി പറഞ്ഞു.

സമാപന സമ്മേളനത്തിൽ ജില്ലാ ഇൻഫർമേഷൻ ഓഫിസർ റഷീദ് ബാബു, കാഞ്ഞങ്ങാട് നഗരസഭാ ചെയർമാൻ വി.വി. രമേശൻ, സബ് കളക്ടർ അരുൺ കെ. വിജയൻ, മുൻ എംഎൽഎ കെ കുഞ്ഞിരാമൻ എന്നിവർ സംസാരിച്ചു.

കേരളത്തിന്റെ നവോത്ഥാന വഴികളെ കുറിച്ച് പുതുതലമുറയ്ക്ക് അറിവ് പകരുന്നതിനും വിസ്മൃതിയിലേക്ക് മറഞ്ഞു കൊണ്ടിരിക്കുന്ന ചരിത്രവസ്തുതകളെ ഓർമ്മപ്പെടുത്തുന്നതിനുമാണ് ജില്ലാ ഭരണകൂടം, ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് വകുപ്പ്, സാംസ്കാരിക വകുപ്പ്, പുരാവസ്തു-പുരാരേഖാ വകുപ്പ്, തുളു അക്കാദമി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പരിപാടി സംഘടിപ്പിച്ചത്.

# കാണികളിൽ ആസ്വാദന വിരുന്നൊരുക്കി ദൂപബലി നൃത്തവും തുളു ജനപഥ നൃത്തവും

ക്ഷേത്ര പ്രവേശന വിളംബരത്തിന്റെ 82ാം വാർഷികാഘോഷത്തിന്റെ ഭാഗമായി കാഞ്ഞങ്ങാട് ടൗൺഹാളിൽ സംഘടിപ്പിച്ച ദൂപബലി നൃത്തവും തുളു ജന പഥ നൃത്തവും  കാണികൾക്ക് ആസ്വാദന വിരുന്നൊരുക്കി. തുളു നാടൻപാട്ടുകാരൻ ശങ്കർസ്വാമി കൃപയുടെ നേതൃത്വത്തിൽ അവതരിപ്പിച്ച  പരിപാടി കാണികൾ കരഘോ ഷത്തോടെയാണ് സ്വീകരിച്ചത്. ആദിവാസികളുടെ നായാട്ട്,ക്ഷേത്ര പ്രവേശനവുമായി ബന്ധപ്പെട്ടതും സവർണ്ണരിൽ നിന്നും അവർണ്ണർ നേരിടേണ്ടി വന്ന കൊടിയ പീഡന ങ്ങളും അവരുടെ പ്രതിഷേധങ്ങളും  ഉൾകൊണ്ട തുളു നാടൻ പാട്ടുകളും  സമന്വയി പ്പിച്ചായിരുന്നു പരിപാടി .ദൂപബലി നൃത്തത്തിൽ മനുഷ്യന് ദൈവീകം, രാക്ഷസം എന്നീ രണ്ട് മുഖങ്ങൾ ഉണ്ടന്നും , ദൈവീകം രാക്ഷസത്തെ ജയിക്കുമെന്ന ആശയ മാണ് മുന്നോട്ട് വച്ചത്. ഏഴു ലോകവും അടക്കിവാണ ദാരുകാസുരൻ ദൈവമില്ലന്നും താനാണ് വലിയവനെന്നും പ്രഖ്യാപിച്ച് ലോകത്തിന് ഭീഷണിയാവുമ്പോൾ മഹാകാളി ദാരുകാസുരനെ വധിക്കുന്ന കഥയാണ് ദൂപബലി നൃത്തത്തിലൂടെ അവതരിപ്പിച്ചത്. പെട്ടെന്ന് അട്ടഹാസത്തോടെയുള്ള അസുരന്റെ വരവ് സദസ്സിൽ ചെറുതായി ഭിതി പര ന്നെങ്കിലും കൈയ്യിൽ വാളേന്തി തെയ്യം രൂപത്തിലൂടെയുള്ള മഹാകാളിയുടെ വരവ് ആശ്വാസം പകർന്നു. തിന്മയ്ക്ക് നന്മയെ ജയിക്കാൻ കഴിയില്ല എന്ന ആശയം കൂടെ ഇതിലൂടെ മുന്നോട്ട് വെയ്ക്കുന്നു. തനത് നാടൻ ഉപകരണങ്ങളായ തുടി , മുളചെണ്ട, ഓടക്കുഴൽ, പുറങ്കോൽ തുടങ്ങിയ ഉപകരണങ്ങളാണ് ദൂപബലി നൃത്തത്തിൽ ഉപ യോഗിച്ചിരിക്കുന്നത്.

യശോദ സ്വാമികൃഷ്ണ , യജിഷ, സഹന, രാകേഷ്,ശരണ്യ , രേഷ്മ, പ്രദീപ് , ദിവ്യശ്രീ , തേജശ്രീ , യജ്ഞേഷ്, ഹരീഷ്, സുനിൽ, കീർത്തൻ തുടങ്ങിയ കലാകാരാ രൻമാരടങ്ങിയ ബൊളികെ സംഘമാണ് പരിപാടി അവതരിപ്പിച്ചത്.

## ഫോട്ടോ അടിക്കുറിപ്പ്-

ക്ഷേത്ര പ്രവേശന വിളംബരത്തിന്റെ 82ാം വാർഷികാഘോഷത്തിന്റെ ഭാഗമായി കാഞ്ഞങ്ങാട് ടൗൺഹാളിൽ സംഘടിപ്പിച്ച ദൂപബലി -തുളു ജനപഥ നൃത്ത ത്തിൽ നിന്ന്

(അവസാനിച്ചു)